MONDAY 22-05-2023 തിങ്കളാഴ്ച

# FIB FARM NEWS

## എഫ്. ഐ. ബി. കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

Agriculture Development and Farmer’s Welfare Department

GOVERNMENT OF KERALA

Chief Editor : PADMAM S. Editor : Dr. BINU HARRIET IVAN



Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)–22/05/2023.

1. ചേർത്തല സെന്റ് മൈക്കിൾസ് കോളേജ് ഗ്രൗണ്ടിൽ നടക്കുന്ന "കരപ്പുറം കാർഷിക കാഴ്ചകൾ" കാർഷികമേളയോടനുബന്ധിച്ച് ഇന്ന് ചേർത്തല മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിലായി കർഷകർ നേരിടുന്ന വിവിധ കാർഷിക പ്രശ്നങ്ങളെ മനസ്സിലാക്കുന്നതിനും പരിഹാരങ്ങൾ തയ്യാറാക്കുവാനും നിർദ്ദേശിക്കുവാനുമായി ഉന്നത ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ കൃഷി-അനുബന്ധ മേഖലകളിലെ ഉദ്യോഗസ്ഥരും കാർഷിക ശാസ്ത്രജ്ഞരും വിദ്യാർത്ഥികളും കർഷകരുടെ കൃഷിയിടങ്ങളിൽ സന്ദർശനം നടത്തും. പഴം, പച്ചക്കറി, വിളകളിലെ മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ സാധ്യതകൾ, കരപ്പുറത്തിനു യോജിച്ച നാളികേര പരിപാലന മുറകൾ എന്നീ വിഷയങ്ങളിൽ കാർഷിക സെമിനാറും പെയിന്റിംഗ് മത്സരവും കലാപരിപാടികളും ഉണ്ടായിരിക്കുന്നതാണ്.

2. ലോക ക്ഷീരദിനാചരണത്തിന്റെ ഭാഗമായി പാലിന്റെയും പാലുത്പന്നത്തിന്റെയും ക്ഷീരവ്യവസായത്തിന്റെയും പ്രാധാന്യം സംബന്ധിച്ച അവബോധം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ ഈ മാസം 29 ന് (29.05.2023) കോഴിക്കോട് ക്ഷീരപരിശീലന കേന്ദ്രത്തിൽ വിദ്യാർത്ഥികൾക്കായി വിവിധ മത്സരങ്ങൾ സംഘടിപ്പിക്കുന്നു. രാവിലെ 10.30ന് എൽ.പി.വിഭാഗം വിദ്യാർത്ഥികൾക്ക് ചിത്രരചന (ക്രയോൺസ്), യു.പി. വിഭാഗം വിദ്യാർത്ഥികൾക്ക് ചിത്രരചന (വാട്ടർ കളർ), ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് പെൻസിൽ ഡ്രോയിങ് എന്നിവയും ഉച്ചയ്ക്ക് ശേഷം 2 മണിക്ക് ഹൈസ്കൂൾ വിഭാഗം വിദ്യാർത്ഥികൾക്ക് ക്ഷീരമേഖലയുമായി ബന്ധപ്പെട്ട പ്രബന്ധരചന എന്നിവ ഉണ്ടായിരിക്കുന്നതാണ്. മത്സരത്തിൽ പങ്കെടുക്കുന്നവർ ഈ മാസം 25 ന് വൈകുന്നേരം 5 മണിക്കു മുൻപായി രേഖാമൂലമോ 0495 2414579 എന്ന ഫോൺ നമ്പരിലോ dd-dtc-kkd.dairy@kerala.gov.in എന്ന ഇ-മെയിൽ മുഖേനയോ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. ചിത്രരചനാ മത്സരത്തിൽ പങ്കെടുക്കുന്നവർ ക്രയോൺസ്, പെൻസിൽ, വാട്ടർ കളർ എന്നിവ കൊണ്ടുവരേണ്ടതാണ്. പങ്കെടുക്കുന്ന വിദ്യാർത്ഥികൾ സ്കൂൾ ഐഡന്റിറ്റി കാർഡ് നിർബന്ധമായും കൊണ്ടുവരേണ്ടതാണ്.

3. മലമ്പുഴ സർക്കാർ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ **പശു വളർത്തൽ** എന്ന വിഷയത്തിൽ ഈ മാസം 25 ന് രാവിലെ 10 മുതൽ 4 മണി വരെ പരിശീലനം ഉണ്ടായിരിക്കുന്നതാണ്.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

പരിശീലനത്തിൽ പങ്കെടുക്കുന്നവർ 9188522713, 0491-2815454 എന്ന നമ്പരിൽ വിളിച്ച് മുൻകൂട്ടി രജിസ്റ്റർ ചെയ്യേണ്ടതാണ്. പങ്കെടുക്കുന്നവർ ആധാർ കാർഡിന്റെ കോപ്പി കൊണ്ടുവരേണ്ടതാണ്.

4. ജൂൺ 1 ലോക ക്ഷീരദിനത്തോടനുബന്ധിച്ച് ഓച്ചിറ ക്ഷീരോല്പന്ന നിർമ്മാണ പരിശീലന വികസന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ മെയ് 26 ന് (26.05.2023) ഹൈസ്കൂൾ ഹയർ സെക്കണ്ടറി വിദ്യാർത്ഥികൾക്കായി ഡയറി ക്വിസ്, ചിത്രരചന (പെൻസിൽ ഡ്രോയിംഗ്) മത്സരം നടത്തുന്നു. മെയ് 26 ന് രാവിലെ 10 മണി മുതൽ ഡയറി ക്വിസ് മത്സരവും 11 മണി മുതൽ ചിത്രരചന മത്സരവും സംഘടിപ്പിക്കുന്നു. പങ്കെടുക്കുവാൻ താല്പര്യമുള്ള വിദ്യാർത്ഥികൾ മെയ് 24ന് വൈകിട്ട് 5 മണിക്ക് മുൻപായി 0476-2698550, 8089391209 എന്നീ ഫോൺ നമ്പറുകളിൽ വിളിച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. മത്സരങ്ങളിൽ പങ്കെടുക്കാൻ വരുന്നവർ സ്കൂൾ ഐഡന്റിറ്റി കാർഡ് നിർബന്ധമായും കൊണ്ടുവരേണ്ടതാണ്.

5. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.)-ന്റെയും റബ്ബറുത്പാദകസംഘങ്ങളുടെയും സംയുക്താഭിമുഖ്യത്തിൽ 2016-17 മുതൽ നടത്തിവരുന്ന, ഒരു വർഷക്കാലം നീണ്ടുനിൽക്കുന്ന തേനീച്ചപരിപാലന സർട്ടിഫിക്കറ്റ് കോഴ്സ് ഈ വർഷവും തുടരുന്നതാണ്. തേനീച്ചവളർത്തലിന്റെ വിവിധഘട്ടങ്ങളിലെ കാലാനുസൃതമായ പരിപാലനമുറകളും പ്രായോഗികപരിശീലനവും ഉൾപെടുന്നതാണ് രണ്ടാഴ്ചയിൽ ഒരുദിവസം എന്ന കണക്കിൽ നടത്തുന്ന ഒരുവർഷം നീണ്ടുനിൽക്കുന്ന ഈ പരിശീലനപരിപാടി. തേനീച്ചവളർത്തൽ പരിശീലകരായി ജോലി നേടുന്നതിനും റബ്ബർതോട്ടങ്ങളിൽ തേനീച്ചകളെ വളർത്തി അധികവരുമാനമുണ്ടാക്കുന്നതിനും ഈ കോഴ്സിലൂടെ ലഭിക്കുന്ന പ്രായോഗികപരിചയം സഹായിക്കും. താൽപര്യമുള്ളവർക്ക് വിശദവിവരങ്ങൾക്കായി അതതു പ്രദേശത്തെ റബ്ബർബോർഡ് ഓഫീസിലോ **04812353127, 7306464582** എന്നീ ഫോൺ നമ്പറുകളിലോ ബന്ധപ്പെടാവുന്നതാണ്.